(ബി) എങ്കിൽ പ്രസ്തുത കാലതാമസമൊഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. ഇ-ഫയൽ സമ്പ്രദായം നിലവിൽ വരാത്ത വകുപ്പുകളിൽ നിന്നും നിലവിൽവന്ന വകുപ്പുകളിലേക്ക് ഫയൽ അയയ്ക്കുന്ന പ്രക്രിയ സുഗമമാക്കുന്നതിന് ഫിസിക്കൽ ഫയലുകൾ സ്കാൻ ചെയ്ത് ഇലക്ട്രോണിക് ഫയലായി അയയ്ക്കുന്നതിനായുള്ള സി.ആർ.യു. (സെൻട്രൽ രജിസ്ട്രി യൂണിറ്റ്) എല്ലാ വകുപ്പുകളിലും രൂപീകരിച്ചിട്ടുണ്ട്.

**എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റി നൽകുന്നത്**

**5 (2819)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് വച്ചുനടന്ന മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചത് ; അപേക്ഷകരുടെ പേരും മേൽവിലാസവും സഹിതം വിശദമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽവച്ചു നടന്ന ജനസമ്പർക്ക പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതിനായി 7068 അപേക്ഷകളും രണ്ടാംഘട്ടത്തിൽ 6511 അപേക്ഷകളുമാണ് ലഭിച്ചത്. അപേക്ഷകരുടെ പേരുവിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാമത് വാർഷിക സംഗമം**

**6 (2820)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2015 മാർച്ച് 30 മുതൽ മൂന്നുദിവസം ദുബായ് വേൾഡ് ട്രേഡ് സെന്ററിലെ ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്ന യു.എ.ഇ. സാമ്പത്തിക വകുപ്പിന്റെ അഞ്ചാമത് വാർഷിക സംഗമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ യാത്രയ്ക്കു ചെലവഴിച്ച തുക എത്രയാണ് ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly